കൾക്കായി സംവരണം ചെയ്തു ഫിഷറീസ് വകുപ്പു മുഖേന നൽകി വരുന്നു. കൂടാതെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഫിഷറീസ് സയൻസ് കോഴ്സിലേക്കായി വർഷംതോറും ആറു സീറ്റുകൾ മത്സ്യത്തൊഴിലാളി കുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

പ്രീ മെട്രിക്ക്, പോസ്റ്റ് മെട്രിക്ക്, പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു.

17 (431) മാനവീയം പരിപാടി

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടി എന്നാണ് ആരംഭിച്ചത്;

(ബി) എവിടെയെല്ലാം വച്ച് അതിന്റെ പ്രാരംഭം കുറിച്ചു;

(സി) പ്രാരംഭം കുറിച്ച ഓരോ സ്ഥലത്തും ഏതെല്ലാം മന്ത്രിമാർ സന്നിഹിതരായിരുന്നു;

(ഡി) പ്രാരംഭം കുറിച്ച ദിവസത്തെ ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1.11.99-ൽ ആരംഭിച്ചു.

(ബി) തിരുവനന്തപുരത്തും എല്ലാ ജില്ലകളിലും പ്രാരംഭം കുറിച്ചു.

(സി) തിരുവനന്തപുരത്ത്, മുഖ്യമന്ത്രിയും സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രിയും പങ്കെടുത്തു.

തൃശ്ശൂർ - കൃഷി വകുപ്പുമന്ത്രി
പാലക്കാട് - ധനകാര്യ വകുപ്പുമന്ത്രി
- റവന്യൂ വകുപ്പുമന്ത്രി
കണ്ണൂർ - ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി

(ഡി) തിരുവനന്തപുരത്ത് നടന്ന കേളികൊട്ട് പരിപാടികൾക്ക് മാത്രമാണ് മാനവീയം ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചത്. ചിലവായ തുക 5,44,324.60 രൂപ (അഞ്ചുലക്ഷത്തി നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി ഇരുപത്തിനാല് രൂപ അറുപത് പൈസ മാത്രം).

18 (432) മാനവീയം പരിപാടി

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. വി. ബാലറാം</u> :

<u>ശ്രീ. ബി. വിജയകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയത്തിന്റെ പ്രാരംഭ ദിനത്തോടനുബന്ധിച്ച് പരിപാടികൾക്ക് സംസ്ഥാനത്തൊട്ടാകെ എന്ത് ചെലവ് വന്നു;

(ബി) മാനവീയത്തിന്റെ കേളികൊട്ട് എത്ര കേന്ദ്രങ്ങളിൽ നടന്നു; അതിനുവേണ്ടി എന്ത് ചെലവ് വന്നു;

LIBRARY ARCHIVES Kerala Legislative Assembly